# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1884** **16/02/2016-ൽ മറുപടിയ്ക്ക്**

**വനാമി ചെമ്മീൻ, കാര ചെമ്മീൻ എന്നിവയ്ക്ക് ഇ.എച്ച്.പി അസുഖം**

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ : | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| എ) തൃശ്ശൂർ ജില്ലയിൽ ചില പ്രദേശങ്ങളിൽ വനാമി ചെമ്മീൻ, കാര ചെമ്മീൻ എന്നിവയ്ക്ക് ഇ.എച്ച് .പി. അസുഖം പിടിപെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) ഉണ്ടെങ്കിൽ ഇത് പ്രതിരോധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ബി) | തൃശൂർ ജില്ലയിൽ നാരായണമംഗലം, പുല്ലൂറ്റ് തുടങ്ങിയ ഭാഗത്തു നിന്ന് ഇ.എച്ച്.പി. അസുഖം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് കുഫോസ് (കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സയൻസ്)ലെ മത്സ്യരോഗ വിഭാഗം പ്രതിനിധികളുടെ സഹായത്തോടെ ഫാമുകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് കുസാറ്റ് (Cochin Univerisity of Science and Technology ) CIBA (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ) CIFT (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) എന്നീ കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ ലാബുകളിൽ പരിശോധന നടത്തുകയും ചെയ്തു. രോഗബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് മുൻകരുതലുകൾ, രോഗപ്രതിരോധ നടപടികൾ, ബോധവൽക്കരണ പരിപാടികൾ, മത്സ്യകർഷക സംഗമം തുടങ്ങിയവ നടപ്പിലാക്കുന്നതും പുതുതായി നിക്ഷേപിക്കുന്ന ചെമ്മീൻ വിത്തുകളിൽ ഇ.എച്ച്.പി. രോഗാണു ഇല്ലെന്ന് ഉറപ്പാക്കാൻ ആവശ്യമായ പരിശോധനകൾ നടത്തുന്നതും പരിഗണിച്ചു വരുന്നു |

സെക്ഷൻ ആഫീസർ